ലവ് 50 ലക്ഷം രൂപയിലധികരിച്ചു വരുന്നുണ്ട്. ടോൾ ആക്ടിലെ വ്യവസ്ഥയ നുസരിച്ച് പാലങ്ങളുടെ നിർമ്മാണത്തിന് 50 ലക്ഷത്തിലധികം രൂപ ചെലവാ ക്കിയാൽ ടോൾ പിരിക്കണമെന്ന് നിർബന്ധമുണ്ട്. 50 ലക്ഷത്തിലധികം രൂപ ചെലവാക്കിയ പാലങ്ങളിൽ നിന്ന് ടോൾ പിരിക്കുന്നത് ഇപ്പോഴത്തെ സാഹച ര്യത്തിൽ നാട്ടിൻപുറങ്ങളിൽ ഗവണ്മെന്റിന് നഷ്ടമുണ്ടാക്കും. രണ്ട് ആളുകളെ ങ്കിലും അതിന്റെ പിരിവിനാവശ്യമായി വരുന്നു. ഈ രണ്ട് ആളുകൾക്ക് ശമ്പളം കൊടുക്കാനുള്ള വരുമാനം ഈ ടോൾ പിരിവിൽ നിന്നും ലഭിക്കു ന്നില്ല. ഉദാഹരണത്തിന് എന്റെ നിയോജകമണ്ഡലത്തിലെ മണിയംകുളം പാലം പരവൂർ മുനിസിപ്പാലിറ്റിയിലെ രണ്ട് വാർഡുകളെ മറ്റ് ഭാഗങ്ങളുമായിട്ട് യോജിപ്പിക്കുന്നതാണ്. ആ പാലത്തിന്റെ ചെലവ് 60 ലക്ഷത്തിൽ ചില്വാനം രൂപയാണ്. ആ രണ്ട് വാർഡുകളിൽ താമസിക്കുന്ന ആളുകളാണ് അതിലൂടെ ഗതാഗതം നടത്തുന്നത്. അവരിൽ നിന്നു മാത്രം പിരിവ് നടത്തുകയാണെ ങ്കിൽ തീർച്ചയായും സർക്കാരിന് റവന്യൂ നഷ്ടമുണ്ടാകും. ഇത്തരം ധാരാളം സംഭവങ്ങളുണ്ട്. അതുപോലെത്തന്നെ എന്റെ നിയോജകമണ്ഡലത്തിലുള്ള അടുതല പാലത്തിനും ഇപ്പോൾ ടോൾ പിരിക്കുന്നുണ്ട്. ആ പിരിവ് നടത്തുന്ന തുതന്നെ വലിയ നഷ്ടത്തിലാണ്. അങ്ങനെ നഷ്ടം സഹിച്ച് ഈ ടോൾ പിരി വെന്ന നേർച്ച നടത്തേണ്ട ആവശ്യം സ്വാഭാവികമായും ഇല്ല. അതുകൊണ്ട് ഗവണ്മെന്റ് അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെട്ട് ടോൾ പിരിവിന്റെ നിർമ്മാണച്ചെലവിനുള്ള സീലിംഗ് 50 ലക്ഷം രൂപയെന്നത് കുറഞ്ഞത് ഒരു കോടി രൂപയായിട്ട് ഉയർത്തണമെന്നാണ് എന്റെ സബ്മിഷൻ. അതിന് ഗവ ണ്മെന്റ് ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : 1976-ലാണ് ടോൾ ആക്ട് നിലവിൽ വന്നത്. അന്ന് നിശ്ചയിച്ചിരുന്ന ഈ തുക റേറ്റ് റിവിഷന്റെ അടിസ്ഥാനത്തിൽ അതിന്റെ സീലിംഗ് അപര്യാപ്തമാണ്, അതുകൊണ്ട് ഒരു കോടി രൂപയായിട്ട് ഉയർത്തണമെന്നുള്ള വിഷയമാണ് ഉന്ന യിച്ചിരിക്കുന്നത്. അത് 75 ലക്ഷമാക്കി ഉയർത്തണമെന്ന് ആദ്യം ഒരു നിർദ്ദേശം വന്നു. റേറ്റ് റിവിഷന്റെ അടിസ്ഥാനത്തിൽ ഒരു കോടി ആക്കാനുള്ള നിർദ്ദേശം പ്രത്യേകം പരിഗണിക്കേണ്ടതാണെന്നാണ് അഭിപ്രായം. ഗവണ്മെന്റ് അത് പ്രത്യേകം പരിഗണിക്കുന്നതാണ്. അതിന് നിയമ ഭേദഗതി ആവശ്യമായിട്ടുണ്ട്. അക്കാര്യം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. ഉദ്യോഗസ്ഥൻമാരെ ടോൾ പിരിവിന് ഏർപ്പെടുത്തിയാൽ നഷ്ടം വരുമെന്നുള്ളതാണ് മറ്റൊരു കാര്യം. ടോൾ പിരിവ് ടെണ്ടർ ചെയ്യുമ്പോൾ എസ്റ്റിമേറ്റ്സ് തുകയ്ക്ക് താഴെയാണ് വിളിക്കപ്പെടുന്നതെങ്കിലാണ് ഉദ്യോഗസ്ഥൻമാരെ ഏർപ്പെടുത്തി പിരിക്കുന്നത്. മൂന്നു മാസം അങ്ങനെ നോക്കിയിട്ട് നഷ്ടമാണെങ്കിൽ ആ പിരിവ് നിർത്താൻ ഇപ്പോൾത്തന്നെ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഈ പറഞ്ഞ കാര്യങ്ങൾ രണ്ടും ഗവണ്മെന്റ് പ്രത്യേകം പരിഗണിക്കുന്നതാണ്.

(5) മംഗലാപുരത്തേയ്ക്കുള്ള തീവണ്ടികൾ ഓട്ടം നിറുത്തുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. പി. രാഘവൻ : സർ, റെയിൽവേ അധികൃതർ വടക്കൻ കേരള ത്തിലെ ജനങ്ങളോട്, പ്രത്യേകിച്ച്, തീവണ്ടി യാത്രക്കാരോട് കാണിക്കുന്ന ക്രൂരമായ അവഗണനക്കെതിരെ ഈ സഭ ഒന്നായി പ്രതികരിക്കണമെന്നാണ് എനിക്ക് വളരെ വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. ജൂലൈ മാസം രണ്ടാം തീയതി മുതൽ മംഗലാപുരത്തേയ്ക്ക് ഓടിക്കൊണ്ടിരിക്കുന്ന 3 തീവണ്ടികൾ

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട്ടുവച്ചും കണ്ണൂരുവച്ചും യാത്ര അവസാനിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷക്കാലമായി കാസർഗോഡേയ്ക്കുള്ള തീവണ്ടികൾ മണിക്കൂറുകളോളവും ദിവസങ്ങളോളവും വൈകിയാണ് ഓടിക്കൊണ്ടിരിക്കുന്നത്. ഇതിനെതിരെ അവിടത്തെ ജനപ്രതിനിധികളും പൊതുജനങ്ങളും വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളും എല്ലാം നിരവധി സമരങ്ങൾ നടത്തുകയുണ്ടായി. രാവിലെ 9 മണിക്ക് എത്തേണ്ട മലബാർ എക്സ്പ്രസ് വൈകിട്ട് 5 മണിക്കാണ് കാസർഗോഡ് എത്തുന്നത്. ഈ സമരങ്ങളൊക്കെ നടക്കുമ്പോൾ റെയിൽവേ അധികൃതർ സ്ഥലത്തുവന്ന് അതിന് പരിഹാരം കാണുന്നതിന് പകരം അവർ പറഞ്ഞത് ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന തീവണ്ടികൾത്തന്നെ ഞങ്ങൾ നിർത്തുമെന്നാണ്. പിന്നീട് വലിയ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ പറഞ്ഞത് ജനപ്രതിനിധികളുമായിട്ട് ആലോചിച്ച് നിർത്താമെന്നാണ്. ഈ ജൂലൈ മാസം രണ്ടാം തീയതി മുതൽ മലബാർ എക്സ്പ്രസും കോയമ്പത്തൂർ ഫാസ്റ്റ് പാസഞ്ചറും പരശുറാം എക്സ്പ്രസും ഓടേണ്ടതില്ലെന്ന നിലയിലാണ് തീരുമാനിച്ചിരിക്കുന്നത്. റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതുകൊണ്ടാണ് ഈ വണ്ടികൾ ഓടാത്തതെന്നാണ് അവർ പറഞ്ഞ കാരണം. റെയിൽവേ ലൈൻ കാസർഗോഡിനും കണ്ണൂരിനും ഇടയിൽ മാത്രമല്ല ഇരട്ടിപ്പിക്കുന്നത്, പല സ്ഥലത്തും ഇരട്ടിപ്പിച്ചു കാണുന്നുണ്ട്. റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്നതിന് എല്ലാവിധ സഹകരണവും കൊടുക്കാൻ വടക്കൻ കേരളത്തിലെ ജനങ്ങൾ തയ്യാറാണ്. പക്ഷെ ഈ രണ്ടുമൂന്നു വണ്ടികൾ നിർത്തിയതുകൊണ്ടുമാത്രം റെയിൽവേ ലൈനിന്റെ പ്രവർത്തനം സുഗമമായി നടക്കുകയില്ല. ചരക്കുവണ്ടികൾ ധാരാളം ഓടുന്നുണ്ട്. അതിനൊന്നുംതന്നെ യാതൊരു മുടക്കവുമില്ല. റെയിൽവേ ലൈൻ ഇരട്ടിപ്പിക്കാൻ ആവശ്യമായ ക്രമീകരണം നടത്തുന്നതിനോട് യാതൊരു എതിർപ്പുമില്ലാത്തതാണ്. ആയിരക്കണക്കിന് യാത്രക്കാരാണ് ഓരോ ദിവസവും കാസർഗോഡ് കളക്ടറേറ്റിലും മറ്റ് സ്ഥലങ്ങളിലും പോകുന്നത്. ഇതിന്റെ ഫലമായി അവരുടെ യാത്ര മുടങ്ങാൻ പോകുകയാണ്. കാസർഗോഡ് ജില്ലയിൽ മാത്രമായിട്ട് ഏതെങ്കിലും റെയിൽവേ ലൈനിന്റെ പ്രവർത്തനം നടക്കുന്നില്ല. ജനപ്രതിനിധികളുമായിട്ട് ചർച്ച ചെയ്തതിനുശേഷം മാത്രമേ വണ്ടികൾ നിർത്തുകയുള്ളുവെന്നു പറഞ്ഞ റെയിൽവേ അധികൃതർ ഇപ്പോൾ ഏകപക്ഷീയമായിട്ടാണ് ഈ തീരുമാനമെടുത്തിരിക്കുന്നത്. ഇതിനെതിരെ 28-ാം തീയതി കാസർഗോഡിലെയും കണ്ണൂരിലെയും ജനപ്രതിനിധികൾ ജനറൽ മാനേജരുമായിട്ട് മദ്രാസിൽ വച്ച് ചർച്ച നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ചർച്ചയ്ക്ക് വലിയ ഫലമുണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ റൂട്ടിൽ ഓടുന്ന ചരക്കു വണ്ടികൾക്ക് ക്രമീകരണമേർപ്പെടുത്തിയാൽത്തന്നെ മറ്റ് പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. കാസർഗോഡുനിന്നും തിരുവനന്തപുരത്തേക്ക് ആകെ രണ്ട് വണ്ടികളാണുള്ളത്. മലബാർ എക്സ്പ്രസും, പരശുറാം എക്സ്പ്രസും രാത്രി 7 മണിക്ക് ശേഷമാണ് കണ്ണൂരിൽ നിന്നും പുറപ്പെടുന്നത്. റെയിൽവേ ലൈൻ ഇരട്ടിപ്പിക്കുന്ന പണി സാധാരണഗതിയിൽ നടക്കാനില്ല. എന്നിട്ടും ഉള്ള വണ്ടികൾ തന്നെ നിർത്തുകയാണ്. ഈ അവഗണനയ്ക്കെതിരെ ശക്തിയായ പ്രതികരണം ഗവണ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ താൽപ്പര്യമെടുത്ത് ഈ പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. ക്രമീകരണത്തോട് നമുക്ക് യാതൊരു എതിർപ്പുമില്ല. പൂർണ്ണമായി വണ്ടികൾ നിർത്തിയാൽ ഒരു പ്രദേശത്തെ മുഴുവൻ മറ്റ് ലോകത്തു നിന്നും വേർപ്പെടുത്തുന്ന ഒരു സ്ഥിതിയുണ്ടാകും. ഇതിന് ഒരു പരിഹാരമുണ്ടാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇത് വടക്കൻമേഖലയിലെ പ്രധാനപ്പെട്ട ഒരു പ്രശ്നമായിട്ട് സബ്മിഷൻ ഉന്നയിക്കുന്നതിന് സർവ്വശ്രീ ടി.കെ. ബാലൻ, കെ.പി. സതീശ്ചന്ദ്രൻ, കെ.സി. ജോസഫ്, എം.വി. ജയരാജൻ, ചെർക്കളം അബ്ദുള്ള, സി. ടി. അഹമ്മദ് അലി എന്നിവരും നോട്ടീസ് നല്കിയിട്ടുണ്ട്.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : 1999 ജൂലൈ ഒന്നു മുതൽ റെയിൽവേ പുതിയ ടൈംടേബിൾ ഏർപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്നതായി അറിയിച്ചിട്ടുണ്ട്. അതുപ്രകാരം ജൂലൈ ഒന്നു മുതൽ പരശുറാം എക്സ്പ്രസ്, കോയമ്പത്തൂർ ഫാസ്റ്റ് പാസഞ്ചർ എന്നീ വണ്ടികൾ കണ്ണൂരിൽ യാത്ര മതിയാക്കേണ്ടി വരുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഇത് താൽക്കാലിക സംവിധാനമാണെന്നും അറിയിച്ചിട്ടുണ്ട്. സതേൺ റെയിൽവേ ജനറൽ മാനേജരുടെ ഉത്തരവ് ലഭിച്ചാൽ ഉടനെ പഴയപടി ഈ വണ്ടികൾ ലക്ഷ്യസ്ഥാനം വരെ നീട്ടുകയും ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ ത്വരിതഗതിയിൽ നടക്കുന്ന റെയിൽവേ പാത ഇരട്ടിപ്പിക്കലിന്റെ പണി എത്രയും പെട്ടെന്ന് പൂർത്തീകരിക്കണമെങ്കിൽ ഈ സ്ഥലത്തെ ട്രെയിനുകളുടെ ഓട്ടം ചുരുക്കിയേ സാദ്ധ്യമാകുകയുള്ളുവെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതമായി കേന്ദ്ര സർക്കാർ കേരളത്തിന് നൽകിയിട്ടുള്ള തുക ലാപ്സാക്കി കളയാനോ പണി മന്ദഗതിയിലാക്കാനോ കഴിയുകയില്ലെന്നുള്ളതാണ് സ്ഥിതി. അതിനാൽ ഈ ട്രെയിനുകളുടെ ഓട്ടം വഴിക്കുവച്ച് അവസാനിപ്പിക്കേണ്ടത് ആവശ്യമാണ്. ആ സെക്ഷനിലാണ് കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഈ കൊല്ലം നടത്താൻ ഉദ്ദേശിക്കുന്നതെന്നാണ് അവർ അറിയിച്ചിരിക്കുന്നത്. ഈ സംവിധാനത്തോട് ആ പ്രദേശത്തെ പൊതുജനങ്ങൾ സഹകരിക്കേണ്ട ആവശ്യം റെയിൽവേ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ മാസം 5-ാം തീയതി സതേൺ റെയിൽവേ ജനറൽ മാനേജരുമായിട്ട് തിരുവനന്തപുരത്തുവച്ച് ഞാൻ ഇക്കാര്യം ചർച്ച ചെയ്തു.

ജനപ്രതിനിധികളുമായും അദ്ദേഹം ഈ പ്രശ്നം ചർച്ച ചെയ്യുമെന്നാണ് അറിയിച്ചിരുന്നത്. അങ്ങനെ ചർച്ച ചെയ്തിട്ടുണ്ടെന്നാണ് എനിക്ക് ലഭിച്ചിട്ടുള്ള റിപ്പോർട്ട്. ഇതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ കണ്ണൂർ മുതൽ മംഗലാപുരം വരെയുള്ള സ്ഥലത്ത് അധികമായി കെ. എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തണമെന്ന് റെയിൽവേയുടെ ഭാഗത്തു നിന്ന് ഒരു റിക്വസ്റ്റ് തന്നിട്ടുണ്ട്. ഇതാണ് സ്ഥിതി. ഈ സാഹചര്യത്തിൽ റെയിൽവേയുമായി ഒന്നുകൂടി ബന്ധപ്പെടാം. എന്തായാലും ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സതേൺ റെയിൽവേ ജനറൽ മാനേജരുമായി അവിടത്തെ ജനപ്രതിനിധികൾ സംസാരിക്കുന്നുണ്ട്. ഞാനും സംസാരിക്കാം.

VII. മേശപ്പുറത്തു വച്ച കടലാസുകൾ

Chief Minister (Shri. E.K. Nayanar) : Sir, I lay on the Table :

1. G.O.(MS) No. 430/97/GAD dated 13th November, 1997 (S.R.O. No.911/97) together with statement showing the reasons for delay in submitting the same.

2. G.O. (Rt) No.887/99/Home dated 4th March, 1999 (S.R.O.No. 193/99 and S.R.O. No.194/99).

LIBRARY ARCHIVES Kerala Legislative Assembly